# പതിമൂന്നാം കേരളനിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **1860** **16/02/2016** – ൽ മറുപടിയ്ക്ക്

## ചാലക്കുടി ടൗണിലെ പുതിയ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി | ഉമ്മൻ ചാണ്ടി<br>(ബഹു.മുഖ്യമന്ത്രി) |
| എ) ചാലക്കുടി ടൗണിൽ ഹൗസിംഗ് ബോർഡു വക സ്ഥലത്ത് അനുവദിച്ച് നിർമ്മാണം ആരംഭിച്ചിട്ടുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മാണം ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ; | എ) ടി പദ്ധതിയുടെ പണികൾ പുരോഗമിച്ചുവരുന്നു. രണ്ടാം നിലയിലെ സ്ലാബ് പൂർത്തികരിച്ചിട്ടുണ്ട്. ഗ്രൗണ്ട് ഫ്ലോറിലും ഫസ്റ്റ് ഫ്ലോറിലും പ്ലാസ്റ്ററിംഗ് പുരോഗമിച്ചുവരുന്നു. |
| ബി) പ്രസ്തുത ഹോസ്റ്റൽ നിർമ്മാണ ചെലവ് സംബന്ധിച്ച വിശദ വിവരങ്ങളും, ഹോസ്റ്റലിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന സൗകര്യങ്ങളും വിശദമാക്കാമോ? | ബി) ടി പദ്ധതിയുടെ ആകെ ചിലവ് (ഭൂവികസിത ചിലവുകൾ ഉൾപ്പെടെ) 410.46 ലക്ഷം രൂപയാണ്. നിർമ്മാണ ചിലവിന്റെ 75% (236.64 ലക്ഷം രൂപ) കേന്ദ്ര സർക്കാർ ഗ്രാൻറും, 25% (78.88 ലക്ഷം രൂപ) സംസ്ഥാന സർക്കാർ വിഹിതവും, ബാക്കി 94.94 ലക്ഷം രൂപ ഭവനനിർമ്മാണ ബോർഡിന്റെ വിഹിതവുമാണ്. പതിനേഴ് മൂന്ന് ബെഡ് കിടക്കമുറികളും, ഒരു അഞ്ച്ബെഡ് ഡോർ മെറ്ററിയും, രണ്ട് ആറ് ബെഡ് ഡോർ മെറ്ററികളും, ഒരു മൂന്ന് ബെഡ് ഗസ്റ്റ് റൂമും, ഒരു മൂന്ന് |

ബെഡ് സിക്ക് റൂം,വികലാംഗർക്കായി
മൂന്ന് ബെഡ് കിടക്ക മുറികളും
ഉൾപ്പെടെ ആകെ 77 കിടക്കകൾ
ഉള്ള ഒരു മൂന്നു നില കെട്ടിടമാണ്
പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.
എല്ലാ നിലകളിലും അറ്റാച്ചിഡ്
ടോയ്‌ലറ്റിന് പുറമേ കോമൺ
ടോയ്‌ലറ്റ്, ബാത്ത്റൂം എന്നിവ
ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ
ഡൈനിംഗ് ഹാൾ, കിച്ചൻ,
റിക്രിയേഷൻ ഹാൾ, ഡേ കെയർ
എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ